**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4891** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കുടിശിക തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് കോർപ്പറേഷനിൽ വായ്പാ കുടിശിക തീർപ്പാക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് കോർപ്പറേഷനിൽ വായ്പാ കുടിശിക തീർപ്പാക്കുന്നതിനായി സർക്കാർ അനുമതിയോടെ " ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ” നടപ്പിലാക്കി വരുന്നുണ്ട്. ആയത് 30/09/2024 വരെ ദീർഘിപ്പിച്ചിട്ടു ണ്ട്. കുടിശ്ശികയായിരിക്കുന്ന വായ്പയിൽ ബാക്കി നിൽക്കുന്ന പലിശയുടെയും പിഴപലിശയുടെയും 60% വരെ പലിശ ഇളവ് അനുവദിക്കുന്നുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച വായ്പകൾക്കും ഭവന വായ്പകൾക്കും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാത്ത കുടിശ്ശികയായിട്ടുള്ള വായ്പകൾക്കും അനുവദിക്കാവുന്ന പരമാവധി പലിശ ഇളവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം വായ്പകൾക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നത്; വിശദമാക്കുമോ; | (ബി) | കോർപ്പറേഷനിൽ നിന്നും നൽകിയിട്ടുള്ള കുടിശ്ശികയായ എല്ലാ വായ്പകൾക്കും ആനുകൂല്യം നൽകി വരുന്നുണ്ട്. |
| (സി) | പ്രസ്തുത കോർപ്പറേഷനിൽ വായ്പാ കുടിശികയുള്ള മണലൂർ മണ്ഡലത്തിൽപ്പെട്ട എത്ര പേരുണ്ടെന്ന് അറിയിക്കാമോ? | (സി) | കോർപ്പറേഷനിൽ വായ്പാ കുടിശ്ശികയുള്ള മണലൂർ മണ്ഡലത്തിൽപ്പെട്ട 68 പേരുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നമ്പർ | കുടിശ്ശിക കാലയളവ് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച വായ്പകൾക്കും ഭവന വായ്പകൾക്കും അനുവദിക്കാവുന്ന പരമാവധി പലിശയിളവ് * (%)ൽ (പലിശ + പിഴപ്പലിശ) | റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാത്ത കുടിശ്ശികയായിട്ടുള്ള വായ്പകൾക്ക് അനുവദിക്കാവുന്ന പരമാവധി പലിശയിളവ് * (%)ൽ (പലിശ + പിഴപ്പലിശ) |
|---|---|---|---|
| 1 | 10 വർഷത്തിനു മുകളിൽ | 60 % | 30% |
| 2 | 6 മുതൽ 10 വർഷം വരെ | 50 % | 25% |
| 3 | 3 മുതൽ 6 വർഷം വരെ | 40 % | 20% |
| 4 | 1 മുതൽ 3 വർഷം വരെ | 30 % | 15% |
| 5 | 1 വർഷം വരെ | 20 % | – |

*വായ്പയിൽ ബാക്കി നിൽക്കുന്ന പലിശ (പലിശ + പിഴപ്പലിശ)